## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*239.** **17.08.2017 ൽ മറുപടിയ്ക്ക്**

## മദ്യവർജ്ജനത്തിനായി വിവിധ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ടി. ബൽറാം<br>,, റോജി എം. ജോൺ<br>,, സണ്ണി ജോസഫ്<br>,, അൻവർ സാദത്ത് : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് ലക്ഷ്യമിട്ടും എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്; | (എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ **വിമുക്തി** പദ്ധതിയ്ക്ക് 06.10.2016-ലെ ജി.ഒ. (എം.എസ്) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്.<br>സമൂഹത്തിന്റെ സമസ്തമേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിയമവിരുദ്ധമായി ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമാണ് വിമുക്തി മിഷൻ ലക്ഷ്യമാക്കുന്നത്. നിരന്തരമായ ബോധവത്ക്കരണപ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെയും, വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദുഷ്യവശങ്ങൾ ബോധ്യപ്പെടുത്തി ലഹരിയുടെ നീരാളിപിടുത്തത്തിൽ നിന്നും മോചിപ്പിക്കുക എന്നതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രധാന ലക്ഷ്യം. |

| | | | |
|---|---|---|---|
| | | | മദ്യ-മയക്കുമരുന്ന് - പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ഉപഭോഗം, ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡീക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് വിമുക്തി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പിലാക്കിയത്; വിശദമാക്കുമോ; | (ബി) | ലഹരിക്കെതിരെ യുവത്വം എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കൈയെഴുത്ത് മാസിക തയ്യാറാക്കൽ, സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശമടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ, ലഹരി വിരുദ്ധ ക്ലബ്ബ് അംഗങ്ങൾക്കായുള്ള ക്വിസ്സ് മത്സരം, ഉപന്യാസം, ഗ്രൂപ്പ് ആക്റ്റിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, വിമുക്തി തീം സോംഗ് തയ്യാറാക്കി ചിത്രീകരണം നടത്തൽ, SEARCൽ |

അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ & ഡിജിറ്റൽ തിയേറ്റർ, വിഷ്വൽ മീഡിയാ പരസ്യങ്ങൾ, എഫ്.എം റേഡിയോ വഴിയുള്ള ലഹരി വിരുദ്ധ പരസ്യ പ്രക്ഷേപണം, പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ്സ് സ്ഥാപിക്കൽ, ആദിവാസി- തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്ക്കരണ പ്രവർത്തനം, സ്പോർട്സ് ആക്ടിവിറ്റികൾ,ഔട്ട് റീച്ച് ആക്ടിവിറ്റികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ എന്നിവ മുഖേനയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കെ.എസ്.എഫ്.ഡി.സി യുടെ സഹകരണത്തോടെ ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയാ ക്യാമ്പയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡീക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, എക്സൈസ് വകുപ്പിന് കീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ദേശീയ നിലവാരത്തിലുള്ള ഡി-അഡീക്ഷൻ സെന്റർ സ്ഥാപിക്കൽ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനം എന്നീ പദ്ധതികളാണ് 2017-18 വർഷത്തിൽ വിമുക്തി മിഷൻ വഴി നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (സി) | എക്സൈസ് വകുപ്പും കെ.എസ്.ബി.സി.യും നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് എന്നും എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതികളനുസരിച്ച് നൽകുന്നത് എന്നും വ്യക്തമാക്കാമോ? | (സി) | എക്സൈസ് വകുപ്പിന്റെ പൂർണ്ണമായ നിയന്ത്രണത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തിയിലൂടെയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പ്രത്യേക പരിപാടികൾ ഒന്നും നടപ്പിലാക്കുന്നില്ല.<br><br>എക്സൈസ് വകുപ്പിലും വിമുക്തി മിഷനിലും നടത്തുന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) യും (ബി) യുമായി പ്രത്യേകം ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.എ

## 2017-18 ലെ ബോധവത്ക്കരണ പദ്ധതി നിർദ്ദേശങ്ങൾ (A)

| | | |
|---|---|---|
| I | ജില്ലാതല ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് ഓരോ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും ഒന്നാം അർദ്ധവാർഷികം (ഏപ്രിൽ- സെപ്തംബർ) (1,00,000 വീതം) | 14,00,000 |
| II | ജില്ലാതല ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് ഓരോ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും രാം അർദ്ധവാർഷികം (ഒക്ടോബർ- മാർച്ച് ) (1 ലക്ഷം വീതം) | 14,00,000 |
| III | സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ വാർഷിക ഹോണറേറിയവും പ്രവർത്തന ഫ ‌ും (ഹോണറേറിയം 1000 +പ്രവർത്തന ഫ് 2000 =3000) 2172 ക്ലബ്ബുകൾക്ക് X3000 | 65,16,000 |
| IV | കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് (ഹോണറേറിയം 1000 +പ്രവർത്തന ഫ് 2000 =3000) 365 ക്ലബ്ബുകൾക്ക് X3000 | 10,95,000 |
| V | സർക്കാർ നിയന്ത്രണമുള്ള അനന്തപുരി, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്,ആലപ്പുഴ, എഫ്.എം റേഡിയോ വഴിയുള്ള പരസ്യം (ഓരോ മാസത്തിലും 1 എഫ്.എം റേഡിയോവീതം) | 6,00,000 |
| VI | ആദിവാസി മേഖലകളിലെ ജനമൈത്രി എക്സൈസ് സ്ക്വാഡിലൂടെയുള്ള ബോധവത്ക്കരണം - ഒരു ജില്ലയ്ക്ക് 1.50 ലക്ഷം രൂപ വീതം ഇടുക്കി, പ ാലക്കാട്, മലപ്പുറം, (നിലമ്പൂർ)വയനാട് ആദിവാസി മേഖലകളിൽ സ്ത്രീ ശാക്തീ കരണം, ആദിവാസി മേഖലയിലെ കുട്ടികളിൽ ലഹരി ഉപയോഗം നിയന്ത്രിക്കലും, സർഗ്ഗ വാസനകൾ പ്രോത്സഹിപ്പിക്കലും, ആദിവാസി യുവാക്കൾക്കിടയിലെ ലഹരി ഉപഭോഗം നിയന്ത്രിക്കുന്നതിന് ലഘു തൊഴിൽ പരിശീലനം, ആദിവാസി യുവതീ യുവാക്കൾക്ക് ബോധവത്ക്കരണ ട്രെയിനിംഗ് | 6,00,000 |
| VII | ജനമൈത്രി സ്ക്വാഡുകൾ പ്രവർത്തിക്കാത്തതും, ആദിവാസി മേഖലകളുള്ളതുമായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആദിവാസി മേഖല കളിലെ ബോധവൽക്കരണ പ്രവർത്തനത്തിന്( ഒരു ജില്ലയ്ക്ക് 1 ലക്ഷം രൂപ വീതം ) | 5,00,000 |
| VII I | എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള മൊബൈൽ ഫോണു കളിലൂടെ ലഹരി വിരുദ്ധ സന്ദേശം റിംഗ് ടോണായി നൽകുന്നത് | 4,00,000 |
| IX | ഓണാഘോഷം (തിരുവനന്തപുരം, തൃശ്ശൂർ) തൃശ്ശൂർ പൂരം, ഉത്രാളിക്കാവ് പൂരം, സ്കൂൾ യുവജനോത്സവം, മറ്റ് ആഘോഷ പരിപാടികളോടനുബന്ധിച്ചുള്ള ഫ്ളോട്ട് പ്രദർശനവും,ബോധവൽക്കരണ പവലിയൻ സ്ഥാപിക്കുന്നതും | 10,00,000 |
| X | ജൂൺ 26 ലെ അന്താരാഷ്ട്ര മയക്കു മരുന്നു വിരുദ്ധ ദിനാഘോഷവും, അവാർഡ് വിതരണവും, ( മികച്ച സന്നദ്ധ സംഘടന, സന്നദ്ധ പ്രവർത്തകൻ, മികച്ച സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം എന്നിവർക്ക് അവാർഡ് നൽകൽ) | 2,00,000 |
| XI | ഒക്ടോബർ -2 ഗാന്ധിജയന്തി വാരാഘോഷവും ബോധവത്ക്കരണ മാഗസിനു കൾക്ക് അവാർഡു നൽകലും (ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന ബോധവൽക്കരണ സൃഷ്ടികളടങ്ങിയ മികച്ച മാഗസീൻ, ബോധവത്ക്കരണം ആശയമടങ്ങിയ മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡ്) | 1,00,000 |
| XII | മറ്റിനം:- വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾവിദഗദ്ധ കമ്മിറ്റി അംഗ ങ്ങൾക്ക് ഹോണറേറിയം, ടി.എ, കമ്മിറ്റി അംഗങ്ങൾക്ക് റിഫ്രഷ്മെന്റ്, ടാക്സ് അട ക്കമുള്ള മറ്റ് ചെലവുകൾ | 7,89,000 |
| XII I | എക്സൈസ് അക്കാഡമിയിൽ ആദിവാസി യുവാക്കൾക്ക് ട്രെയിനിംഗ് നൽകുന്ന തിന് ഫ് | 4,00,000 |
| | ആകെ | 1,50,00,000 |

സെക്ഷൻ ഓഫീസർ

അനുബന്ധം.ബി

## 2017-18 വർഷത്തെ വിമുക്തി പദ്ധതികൾ (B)

| ക്രമ നമ്പർ | പദ്ധതികൾ | ചെലവ് |
|---|---|---|
| 1 | ജൂൺ 26 ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി എല്ലാ ലഹരി വിരുദ്ധ ക്ളബ്ബുകളും ആക്റ്റിവിറ്റി സംഘടിപ്പിക്കുന്നതിന് (2596x1500) 1000 രൂപ സംഘാടനം, 500 - സമ്മാനം. (ലഹരിക്കെതിരെ യുവത്വം എന്നത് വിമുക്തി ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യമാണ്. ലഹരിക്കെതിരെ എല്ലാ സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ളബ്ബുകൾ രൂപീകരിക്കുകയും അതിലെ അംഗങ്ങളായ വിദ്യാർത്ഥികളിലൂടെ കുടംബത്തിലേക്കും സമൂഹത്തിലേക്കും ലഹരി വിരുദ്ധ സന്ദേശം എത്തിക്കേണ്ടത് അത്യാവശ്യമാണ്. (i) ജൂൺ 26 ന് എല്ലാ ലഹരി വിരുദ്ധ ക്ളബ്ബിലും ഒരു പരിപാടി സംഘടിപ്പിക്കുന്നതിലേക്ക് സംഘാടനത്തിനും സമ്മാനത്തിനുമായി 1500 രൂപ വീതം | 3894000 |
| 2 | സ്കൂൾ, കോളേജ് ലഹരി വിരുദ്ധ ക്ളബ്ബുകളിൽ കൈയ്യെഴുത്ത് മാസിക മത്സരം 5 പേരടങ്ങിയ ഗ്രൂപ്പുകൾ തിരിച്ച്) 2596x1000 = 2596000 | 2596000 |
| 3 | നോട്ടീസ് ബോർഡിലേക്ക് ഒരു പോസ്റ്റർ (ആക്റ്റിവിറ്റി) 2596x1000 - 2596000 | 2596000 |
| 4 | ആക്റ്റിവിറ്റി (ലഹരി വിരുദ്ധ ക്ളബ്ബ് അംഗങ്ങൾ) (2596x1500) വിദ്യാർത്ഥികൾക്കായുള്ള ക്വിസ്, ഉപന്യാസം തുടങ്ങിയ മത്സരങ്ങൾക്കും ഗ്രൂപ്പ് ആക്റ്റിവിറ്റികൾക്കുമായുള്ള ചെലവുകൾ) | 3894000 |
| 5 | എല്ലാ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലെയും, കോളേജുകളിലെയും ലഹരി വിരുദ്ധ കൺവീനർമാർക്കും, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർക്കും ലഹരി വിരുദ്ധ ബോധവൽക്കരണ വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിക്കുന്നതിന് (2500000+സ്റ്റേഷനറി 1000000+ റ്റി.ഒ.റ്റി ട്രെയിനിംഗ് -1000000+ ഫാക്കൽറ്റി ഫീ ഓണറേറിയം -500000)(കുട്ടികളിലേക്ക് കൂടുതൽ എത്താൻ കഴിയുന്ന ഈ വിഭാഗത്തിന് കുട്ടികളിലെ സ്വഭാവത്തിലുള്ള വ്യത്യാസം, ലഹരി ഉപയോഗിക്കുന്നതിന്റെ ബാഹ്യലക്ഷണം എന്നിവ മനസ്സിലാക്കുവാനും ഇടപെടലുകൾ നടത്തുവാനുമുള്ള അറിവും പരിശീലനവും ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്.) | 5000000 |
| 6 | തീം സോംഗ് – വിഷ്വലൈസേഷൻ (വിമുക്തി തീം സോംഗ് തയ്യാറാക്കി പ്രചരിപ്പിക്കുന്നതിലൂടെ കൂടുതൽ ജനങ്ങളിലേക്ക് വിമുക്തിയുടെ സന്ദേശം എത്തിക്കുവാൻ സാധിക്കും | 1000000 |
| 7 | സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ, ഡിജിറ്റൽ തിയേറ്റർ സിസ്റ്റം (ഐബോൾ) സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസൽ. (പരിശീലനങ്ങൾക്ക് ഉപയോഗിക്കുന്നതിനൊടൊപ്പം തന്നെ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും കാര്യങ്ങൾ അടുത്തു കറിയുവാനുള്ള ഒരു സങ്കേതം ഇതിലൂടെ പ്രാവർത്തികമാക്കാൻ കഴിയും. ഉദ്യോഗസ്ഥർക്ക് കൂടു | 30000000 |

| | | |
|---|---|---|
| | തൽ നൂതനമായ പരിശീലന സംവിധാനങ്ങൾ ഇതിലൂടെ ഒരുക്കുവാൻ കഴിയും. | |
| 8 | വിഷ്വൽ മീഡിയ പരസ്യങ്ങൾ | 20000000 |
| 9 | എഫ്.എം. റേഡിയോ വഴിയുള്ള ബോധവൽക്കരണം | 2000000 |
| 10 | സിനിമ തിയേറ്ററിലൂടെ ലഹരി വിരുദ്ധ പരസ്യപ്രക്ഷേപണം | 5000000 |
| 11 | ഹോർഡിംഗ്സ് -എൻ.എച്ച് മറ്റ് പാതയോരങ്ങളിൽ തിരക്കുള്ള നഗരങ്ങളിൽ സ്ഥാപിക്കുന്നതിന് | 10000000 |
| 12 | തീരദേശ ആദിവാസി മേഖലകൾക്കായുള്ള പ്രത്യേക ബോധവൽക്കരണ പദ്ധതികൾ (ഈ മേഖലകളിൽ ട്രെയിനേഴ്സ് ഓൺ ട്രെയിനിംഗ് മുഖേന തദ്ദേശീയരെ വിമുക്തി പദ്ധതിയുടെ പ്രതിനിധികളായും അവരിലൂടെ ബോധവൽക്കരണ പരിപാടികളും വിവരങ്ങളും) | 5000000 |
| 13 | ഔട്ട് റീച്ച് ആക്റ്റിവിറ്റീസ് (വാഹനങ്ങൾ,പോസ്റ്ററുകൾ, ബാനറുകൾ ജനകീയപരിപാടികൾ, ലഘുനാടകങ്ങൾ, മത്സരങ്ങൾ എന്നീ വിവിധ പരിപാടികളിലൂടെ വിമുക്തിയുടെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുക | 5893500 |
| 14 | സ്പോർട്ട്സ് ആക്റ്റിവിറ്റീസ് (കലാ, കായിക, വായനാ വിനോദങ്ങളിലേക്ക് യുവജനങ്ങളുടെ കഴിവിനെ വഴിതിരിച്ചു വിടുന്നത് മോശം പ്രവണതകളിൽ നിന്ന് അവരെ അകറ്റി നിർത്തുമെന്ന് തെളിയിക്കപ്പെട്ടിട്ടു്.) | 4000000 |
| 15 | റസിഡൻഷ്യൽ അസോസിയേഷൻ മുഖേനയുള്ള ബോധവത്ക്കരണ പരിപാടികൾ | 1000000 |
| 16 | ലൈബ്രറി കൗൺസിൽ മുഖേന ബോധവത്ക്കരണ പ്രവർത്തനം | 1000000 |
| 17 | ഡിജിറ്റൽ ഡിസ്പ്ളേ വെഹിക്കിൾ (വാഹനം വഴിയുള്ള പ്രചരണത്തിലൂടെ) വിമുക്തിയുടെ സന്ദേശം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കാൻ കഴിയും | 3000000 |
| 18 | മറ്റ് സൃഷ്ടികൾ (ലഘുചിത്രങ്ങൾ, പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ, ആനിമേഷൻ മുതലായവ | 2500000 |
| 19 | കെ.എസ്.എഫ്.ഡി.സി യുടെ സഹകരണത്തോടെ ലഹരി മുക്ത ഹ്രസ്വ ചിത്രങ്ങളുടെ നിർമ്മാണം | 2000000 |
| 20 | ഡിജിറ്റൽ മീഡിയാ കാംമ്പയിൻ ഒരു മാസം ഒരു ലക്ഷം രൂപ വീതം<br>വാട്ട്സ് ആപ്പ്, ഫേസ് ബുക്ക്, ടിറ്റർ, ഇൻസ്റ്റാഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയാ മുഖേന ജനങ്ങൾക്കിടയിൽ വിമുക്തിയുടെ സന്ദേശംമെത്തിക്കുക | 1200000 |
| 21 | ടോൾ ഫ്രീ നമ്പർ ശാക്തീകരണം<br>(എക്സൈസ് വകുപ്പിന് കീഴിലുള്ള ടോൾഫ്രീ നമ്പറിലൂടെ ഡി-അഡീക്ഷൻ കൗൺസിലിംഗ് നടത്തുന്നതിന്) | 2000000 |
| 22 | മോഡൽ കൗൺസിലിംഗ് സെന്റർ<br>(ര് ജില്ലകളിൽ രാവിലെ 8 മുതൽ വൈകുന്നേരം 8 വരെ കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുന്ന തരത്തിൽ ടെലി കൗൺസിലിംഗ്, നേരിട്ടുള്ള കൗൺസിലിംഗ് എന്നീ സേവനങ്ങൾ ലഭ്യമാക്കാം) | 2000000 |
| 23 | മറ്റ് പലവിധ ചെലവുകൾ (വിദഗ്ദ്ധർക്കുള്ള ഹോണറേറിയം, കൺസൾട്ടൻസി ചാർജ്ജ് ഉൾപ്പെടെ) | 4000000 |
| 24 | 14 ജില്ലയിലും ഡി- അഡീക്ഷൻ സെന്ററുകൾ14x50,00,000 7,00,00,000<br>(ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിൽ സർക്കാർ ആശുപത്രിയോട് ചേർന്ന് ആരംഭിക്കാവുന്ന ഡി- അഡീക്ഷൻ സെന്ററുകൾക്ക് വിമുക്തിയിൽ നിന്ന് ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്നതിനു വേ ആരോഗ്യവകുപ്പ് തയ്യാറാക്കുന്ന പദ്ധതിയ്ക്ക് അനുസൃതമായി ഈ തുക നൽകാവുന്നതാണ്.) | 70000000 |

| | | |
|---|---|---|
| 25 | അട്ടപ്പാടി പ്രോജക്റ്റ് കോട്ടത്തറ ഗവൺമെന്റ് ആശുപത്രിയിൽ ഡി- അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ആദ്യഘട്ടം (ആദിവാസി മേഖലയിലുള്ള ലഹരി ഉപഭോഗം കുറയ്ക്കുക എന്നത് വിമുക്തിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്. അട്ടപ്പാടിയിലേക്ക് ആരോഗ്യ വകുപ്പ് തയ്യാറാക്കിയ പദ്ധതി അനുവദിക്കുന്നതിലേക്ക് ഈ തുക ഉപയോഗിക്കാവുന്നതാണ്) | 13500000 |
| 26 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ [illegible] ബോധവത്ക്കരണ പ്രവർത്തനം നടത്തുന്നതിന്<br>ഒരു ഗ്രാമപഞ്ചായത്തിന് 12500 വീതം 939 ഗ്രാമപഞ്ചായത്ത്= 11737500<br>ഒരു മുനിസിപ്പാലിറ്റിക്ക് 25000 വീതം 87 മുനിസിപ്പാലിറ്റികൾക്ക് = 2175000<br>ഒരു കോർപ്പറേഷന് 50000 വീതം 6 കോർപ്പറേഷനുകൾക്ക് = 300000 | 14212500 |
| | ആകെ | 217286000 |

സെക്ഷൻ ഓഫീസർ